അടുത്ത രണ്ടാഴ്ച ട്രെയിൻ സമയത്തിൽ മാറ്റം

തിരുവനന്തപുരം: ട്രാക്കിൽ ജോലികൾ നടക്കുന്നതിനാൽ അടുത്ത രണ്ടാഴ്ച ട്രെയിൻ സമയങ്ങളിൽ മാറ്റമുണ്ടാകും. മുന്ന് പാസഞ്ചർ ട്രെയിനുകളുടെ സമയവും പരിഷ്ക്കരിച്ചിട്ടുണ്ട്. ഇന്നത്തെ കോർബ- തിരുവനന്തപുരം അഹല്യാനഗരി എക്സ്പ്രസ് രണ്ടുമണിക്കൂർ വൈകും. കോയമ്പത്തൂർ-നാഗർകോവിൽ പാസഞ്ചർ 20 മുതൽ 27 വരെ ഒന്നരമണിക്കൂർ വൈകും. നാഗർകോവിൽ-മുംബായ് എക്സ്പ്രസ് 27ന് 50 മിനിറ്റ് വൈകും. മധുരഡിവിഷനിൽ ജോലി നടക്കുന്നതിനാൽ ഗുരുവായൂർ-ചെന്നൈ എക്സ്പ്രസ് 21 മുതൽ 23 വരെ അരമണിക്കൂറും നാഗർകോവിൽ-മുംബായ് എക്സ്പ്രസ് 22 ന് 35 മിനിറ്റും വൈകും. പാസഞ്ചർ ട്രെയിനുകളുടെ സമയമാറ്റം നാളെ നിലവിൽ വരും.

ആർ. സുകേശൻ കൺസ്യൂമർഫെഡ് എം.ഡി

തിരുവനന്തപുരം: പൊലീസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ ആർ. സുകേശനെ സ്റ്റേറ്റ് കൺസ്യൂമർ ഫെഡ് എം.ഡിയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. നേരത്തേ ബാർകോഴക്കേസ് അന്വേഷിച്ചുദ്യോഗസ്ഥനാണ് ആർ. സുകേശൻ.

പ്രമുഖ ചലച്ചിത്രകാരനും കെ.എസ്.എഫ്.ഡി.സി. ചെയർമാനുമായ ലെനിൻ രാജേന്ദ്രന് കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്ക് 30 ലക്ഷം രൂപ കോർപ്പറേഷന്റെ ഫണ്ടിൽ നിന്ന് പ്രത്യേക കേസായി അനുവദിക്കാനും തീരുമാനിച്ചു.

സ്പെക്ട്രം ഉദ്ഘാടനം നാളെ

തിരുവനന്തപുരം: ഓട്ടിസം മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള പദ്ധതിയായ സ്പെക്ട്രത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ 15ന് വൈകിട്ട് 6 ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിക്കും. മന്തി കെ.കെ. ശൈലജ അദ്ധ്യക്ഷത വഹിക്കും.

ശരണബാല്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി നടത്തും. പരിപാടിയിൽ അമ്മമാരും കുഞ്ഞും തമ്മിലുള്ള നിരുപാധിക സ്നേഹം പ്രമേയമാക്കി ചലച്ചിത്രതാരം നവ്യാനായർ തയ്യാറാക്കിയ 'ചിന്നം ചിറകിളിയേ' എന്ന നൃത്താവിഷ്കാരത്തിന്റെ വീഡിയോപ്രകാശനവും മുഖ്യമന്ത്രി നിർവഹിക്കും.

പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയുടെ വൻ വിജയത്തെ തുടർന്നാണ് സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്നത്.

പോണ്ടിച്ചേരി കേന്ദ്ര സർവകലാശാലയിൽ നിന്ന് ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ എൻ.എസ്. കൃഷ്ണകുമാർ. അമേരിക്കയിലെ മിനസോട്ട യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ റിസർച്ച് അസോസിയേറ്റായ ഇദ്ദേഹം ആറ്റിങ്ങൽ അവനവഞ്ചേരി ഉണ്ണിക്കണ്ണനിൽ ശ്രീകലയുടെയും നാഗരാജന്റെയും മകനാണ്. ഭാര്യ: നയന എസ്.കുമാർ.

ജല അതോറിട്ടി സെർവർ തകരാറിൽ

ഉപഭോക്താക്കൾക്ക് അമിത ബില്ല്

KAUMUDI SPECIAL

▸ ആർ.സുമേഷ്

തിരുവനന്തപുരം: വാട്ടർ അതോറിട്ടിയുടെ സെർവർ തകരാറിലായതോടെ ബില്ലിംഗ് സംവിധാനം താളം തെറ്റി. ഉപഭോക്താക്കൾക്ക് ലഭിക്കുന്നത് അമിത തുക രേഖപ്പെടുത്തിയ ബില്ലുകൾ. സാധാരണ രീതിയിൽ വെള്ളം ഉപയോഗിക്കുന്ന പലർക്കും പ്രതിമാസം അടച്ചുകൊണ്ടിരുന്നതിന്റെ ഇരട്ടിയോളം തുകയുടെ ബില്ല് ലഭിച്ചതോടെയാണ് സെർവർ തകരാറിലായ വിവരം പുറത്തായത്. ബില്ലിംഗ് സംവിധാനത്തിന് ഉപയോഗിക്കുന്ന സോഫ്ട്വയറായ ഇ- അബാക്കസ് ആണ് കുഴപ്പത്തിലായത്.

വാട്ടർ അതോറിട്ടിയുടെ എട്ട് സെർവറുകളും ടെക്നോപാർക്കിലെ ഡാറ്റാസെന്ററിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഇതിൽ നാല് സെർവറുകളിലെ സോഫ്ട് വെയർ സംവിധാനമാണ് തകരാറിലായത്. കേടായ സെർവറുകൾ ടെൻഡർ നടപടികളൊന്നുമില്ലാതെ ആറ്വർഷംമുമ്പ് വാങ്ങിയവയാണ്. ഇതേക്കുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നതിനിടെയാണ് കേടായത്. ഡേറ്റാബേസ് കൈകാര്യം ചെയ്യാനറിയുന്നവരും വാട്ടർ അതോറിട്ടിയിൽ ഇല്ല. മറ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്ന വിദഗ്ദ്ധരെ ഡേറ്റാബേസ് പരിശോധിക്കാൻ അനുവദിക്കാറുമില്ല. ഒരു ഡേറ്റാബേസ് അഡ്മിനിസ്ട്രേറ്ററും രണ്ട് അഡിഷണൽ ഡേറ്റാബേസ് അഡ്മിനിസ്ട്രേറ്ററും സപ്പോർട്ട് സ്റ്റാഫുമാണ് സെർവറിന്റെ കാര്യങ്ങൾ നോക്കേണ്ടത്. ബി.ടെക്ക് അല്ലെങ്കിൽ എം.സി.എയും 10 വർഷം പ്രവൃത്തിപരിചയവുമുള്ളയാളെ ഡി.ബി.എ ആയിനിയമിക്കാൻ രണ്ട് വർഷം മുമ്പ് തീരുമാനിച്ചിരുന്നു. അനധികൃത ഇടപെടലുകളെ തുടർന്ന് അത് നടന്നില്ല.

ഇ അബാക്കസ്

ഈ സോഫ്ട്വെയറിന് കാര്യക്ഷമത കുറവാണെന്ന് നേരത്തേ ആക്ഷേപം ഉയർന്നിരുന്നു. സെർവർ തകരാറിലായതോടെ പുതിയ കണക്ഷൻ നൽകൽ, കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കൽ തുടങ്ങിയവയൊന്നും നടക്കുന്നില്ല.

❝ മൂന്ന് ദിവസമായി സെർവർ തകരാറിലാണ്. പ്രശ്നം പരിഹരിച്ചുവരികയാണ്. ഉടൻ പ്രവർത്തനക്ഷമമാകും
-സെക്രട്ടറി, വാട്ടർ അതോറിട്ടി

ശബരിമല സ്പെഷ്യൽ കമ്മിഷണർ റിപ്പോർട്ടിന്മേൽ ഹൈക്കോടതി സ്വമേധയാ കേസെടുത്തു

കൊച്ചി: ശബരിമലയിൽ ചിത്തിര ആട്ടത്തിരുനാളിന് ആചാരലംഘനവും അക്രമവുമുണ്ടായെന്നും ശബരിമല സ്പെഷ്യൽ കമ്മിഷണറുടെ റിപ്പോർട്ടിന്മേൽ ഹൈക്കോടതി സ്വമേധയാ കേസെടുത്തു. ദേവസ്വം വിഷയങ്ങൾ പരിഗണിക്കുന്ന ഡിവിഷൻ ബെഞ്ചിന്റേതാണ് നിർദ്ദേശം.

വിശദീകരണത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് സമയം തേടിയതിനെത്തുടർന്ന് ഹർജി പത്ത് ദിവസത്തിന് ശേഷം പരിഗണിക്കാനായി മാറ്റി.

ചിത്തിര ആട്ടത്തിരുനാളിന് നട തുറന്നപ്പോൾ ഇരുമുടിക്കെട്ടില്ലാതെ വത്സൻ തില്ലങ്കേരിയടക്കമുള്ളവർ പതിനെട്ടാംപടി കയറിയെന്നും ഇവിടെ ഒത്തുകൂടിയെന്നും സ്പെഷ്യൽ കമ്മിഷണറുടെ റിപ്പോർട്ടിൽ പറയുന്നു.

ഇരുമുടിക്കെട്ടില്ലാതെ പടി കയറിയത് ആചാരലംഘനമാണ്. ദർശനത്തിനെത്തിയ ലളിതയേയും (52) ബന്ധുവായ മുദ്രൽകുമാറിനെയും പ്രതിഷേധക്കാർ മർദ്ദിച്ചു.

പ്രതിഷേധം തുടർന്നാൽ മണ്ഡല മകരവിളക്ക് സീസണിലെ തീർത്ഥാടനത്തെ ബാധിക്കുമെന്നും പ്രതിഷേധത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കാൻ സംഘടനകളോട് ഹൈക്കോടതി നിർദേശിക്കണമെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. ശബരിമലയിൽ ക്രമസമാധാനപ്രശ്നങ്ങൾക്ക് സാദ്ധ്യതയുണ്ടെന്ന കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ കത്തും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഈ വസ്തുതകൾ പരിഗണിച്ചത്.

മത്സ്യത്തൊഴിലാളികൾക്ക് നാവിക് രക്ഷ: 25.36കോടി

തിരുവനന്തപുരം: മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങളും സാറ്റലൈറ്റ് ഫോണും ലഭ്യമാക്കാനുള്ള 25.36 കോടിയുടെ പദ്ധതി മന്ത്രിസഭായോഗം അംഗീകരിച്ചു. തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് (ഓഖി ഫണ്ട്) വിനിയോഗിക്കും.

- 12 നോട്ടിക്കൽ മൈലിൽ കൂടുതൽ പോകുന്ന 15,000 യാനങ്ങൾക്കാണ് നാവിക് ഉപകരണം.
- 1500 കിലോമീറ്റർ പരിധിയുള്ള നാവിക് മുഖേന ചുഴലിക്കാറ്റ്, സുനാമി, ഭൂചലനം, കാലാവസ്ഥാ വ്യതിയാനം, അന്താരാഷ്ട്ര അതിർത്തി, മത്സ്യബന്ധന മേഖല എന്നിവയെ പറ്റി സന്ദേശം നൽകാം. രക്ഷാപ്രവർത്തനം എളുപ്പമാക്കാനും കടലിലെ അപകടങ്ങൾ കുറയ്ക്കാനും നാവിക് ഫലപ്രദമാണ്. ഐ.എസ്.ആർ.ഒ സാങ്കേതികവിദ്യയിൽ കെൽട്രോൺ ആണ് നാവിക് നിർമ്മിക്കുന്നത്.
- 15,000 ഉപകരണങ്ങൾക്ക് 15.93 കോടിയാണ് ചെലവ്.
- ബി.എസ്.എൻ.എൽ സഹകരണത്തോടെ 1000 പേർക്ക് സാറ്റലൈറ്റ് ഫോണുകൾ നൽകും. ആഴക്കടൽ മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയത്തിനും രക്ഷാപ്രവർത്തനം വേഗത്തിലാക്കാനും ഇത് പ്രയോജനപ്പെടും.
- ഒരു യൂണിറ്റിന് 94,261 രൂപയാണ് വില. മൊത്തം 9.43 കോടി ചെലവാകും. ഓരോ തൊഴിലാളിയും 1500 രൂപ നൽകണം.
- ഓഖിദുരന്തത്തിൽ മത്സ്യബന്ധനോപാധികൾ പൂർണമായി നഷ്ടപ്പെട്ട 81 പേർക്കുമായി 1.78 കോടി രൂപ നൽകും.
- 40,000 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് വാങ്ങാൻ 6.10 കോടിയുടെ പദ്ധതിയും അംഗീകരിച്ചു.

വാഹനപാസ്: ന്യായമായ നിയന്ത്രണമെന്ന് ഹൈക്കോടതി

കൊച്ചി: ശബരിമലയിലെത്തുന്ന ഭക്തരുടെ വാഹനങ്ങൾക്ക് പൊലീസ് പാസ് ഏർപ്പെടുത്തിയ നടപടി ക്രമസമാധാന പ്രശ്നങ്ങൾ കണക്കിലെടുത്തുള്ള ന്യായമായ നിയന്ത്രണം മാത്രമാണെന്നും ഇതിലെന്ത് തെറ്റാണുള്ളതെന്നും ഹൈക്കോടതി ആരാഞ്ഞു. ശബരിമലയിലെത്തുന്ന വാഹനങ്ങൾക്ക് ലോക്കൽ പൊലീസിൽ നിന്ന് പാസെടുക്കണമെന്ന സർക്കാർ നിർദേശം നിയമവിരുദ്ധമാണെന്നാരോപിച്ച് ചേർത്തല വട്ടതലസ്വദേശി കെ.എ. അഭിജിത്ത് നൽകിയ ഹർജിയിലാണിത്. അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാനാണ് നിയന്ത്രണം. ഒരുപ്രവേശനപാസ് പോലെയാണിതെന്നും ഡിവിഷൻ ബെഞ്ച് പറഞ്ഞു.

എന്നാലിത് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവകാശം നിഷേധിക്കുന്നതാണെന്നും കേരള പൊലീസ് ആകുമിനം മോട്ടോർ വെഹിക്കിൾ നിയമത്തിനും വിരുദ്ധമായ നിർദ്ദേശമാണിതെന്നമായിരുന്നു ഹർജിക്കാരന്റെ വാദം. ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഇതംഗീകരിച്ചില്ല. ശബരിമലക്ഷേത്രത്തിന്റെ കാര്യത്തിൽ മാത്രമാണ് ഈ നിലപാടുള്ളത്. നിയമവാഴ്ചയും ക്രമസമാധാനനിലയും ഉറപ്പാക്കാൻ കൊണ്ടുവന്ന നിയന്ത്രണത്തിൽ കുറും പറയാനാവില്ലെന്നും കോടതി വാക്കാൽ അഭിപ്രായപ്പെട്ടു.

നിയമസഭാസമ്മേളനം 27 മുതൽ

13 ഓർഡിനൻസുകൾക്ക് പകരം ബില്ലുകൾ

■ കർഷകക്ഷേമനിധി ബോർഡ് ബില്ലും വരും

തിരുവനന്തപുരം: ഇരുപത്തിയേഴിന് തുടങ്ങുന്ന നിയമസഭാസമ്മേളനത്തിൽ നിലവിലിരിക്കുന്ന 13 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളും കർഷക ക്ഷേമത്തിനായുള്ള കർഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലും കൊണ്ടുവരാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. 27ന് ചരമോപചാരം മാത്രമേയുള്ളൂ.

28നും 29നുമായി ആറ് ബില്ലുകളെടുക്കും. മാലിന്യ നിർമാർജ്ജനത്തിനുള്ള അധികാരം തദ്ദേശ സ്ഥാപനങ്ങളിൽ നിന്നു മാറ്റി സർക്കാർ നിയന്ത്രണത്തിലാക്കുന്ന ഓർഡിനൻസുകൾക്ക് പകരമുള്ള 2018 ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ, 2018 ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ, വസ്തുശാലകളിലടക്കം സ്ത്രീ ജീവനക്കാർക്ക് ജോലിസമയത്ത് ഇരിക്കാൻ അനുവദിച്ചുള്ള കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി ബിൽ എന്നിവ 28നും പൊലീസ് കംപ്ലെയിന്റ്സ് അതോറിട്ടി ചെയർമാനും അംഗങ്ങൾക്കും പ്രത്യേകം സിറ്റിംഗ് നടത്താൻ അനുവാദം നൽകുന്ന കേരള പൊലീസ് (ഭേദഗതി) ബിൽ, കോഴിക്കോട് സർവകലാശാല ഭേദഗതി (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ബദൽ ക്രമീകരണം) ബിൽ, സഹകരണ സംഘം ഭേദഗതി ബിൽ എന്നിവ 29 നുമെത്തും.

തുടർന്നുള്ളവ കാര്യോപദേശകസമിതിയാണ് തീരുമാനിക്കുക.

പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത കേരള സഹകരണ ആശുപത്രി കോംപ്ലക്സുംമെഡിക്കൽ അക്കാഡമിയും (നടത്തിപ്പും ഭരണ നിർവഹണവും) ഏറ്റെടുക്കൽ ബിൽ, സ്പോർട്സ് ഭേദഗതി ബിൽ, കേരള മദ്രസ അദ്ധ്യാപക ക്ഷേമനിധി ബിൽ, പബ്ലിക് സർവീസ് കമ്മിഷൻ (വഖഫ് ബോർഡ്) ഭേദഗതി ബിൽ എന്നിവയും സർക്കാരിന്റെ പരിഗണനയിലുള്ളവയാണ്.

ഡിസംബർ നാലിന് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കും. ഇതിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും പത്തിനാണ്. ഡിസംബർ 13 വരെയാണ് സമ്മേളനം.

ശ്രീധരൻപിള്ള നിയമലംഘനത്തിന് ആഹ്വാനം ചെയ്തെന്ന് സർക്കാർ ഹൈക്കോടതിയിൽ

കൊച്ചി: ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.എസ്. ശ്രീധരൻ പിള്ള സുപ്രീംകോടതി വിധി ലംഘിക്കാൻ ആഹ്വാനം ചെയ്തെന്നും ഇതനുസരിച്ച് അക്രമികൾ ശബരിമലയിൽ പ്രവർത്തിച്ചെന്നും സർക്കാർ ഹൈക്കോടതിയിൽ ബോധിപ്പിച്ചു.

കോഴിക്കോട്ടുവമോർച്ചയോഗത്തിലെ വിവാദ പ്രസംഗത്തിന്റെ പേരിൽ കസബപൊലീസ് രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കുന്നതിനായി ശ്രീധരൻ പിള്ള നൽകിയ ഹർജിയിലാണ് സർക്കാരിനുവേണ്ടി ഹാജരായ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ഇത് ബോധിപ്പിച്ചത്. കലാപമുണ്ടാക്കാൻ ആഹ്വാനം ചെയ്തെന്നും ജനങ്ങളിൽ ഭീതി പരത്താൻ ശ്രമിച്ചെന്നുമാണ് കേസ്.

എന്നാൽ ഈ കുറ്റങ്ങൾ നിലനിൽക്കില്ലെന്നാണ് ശ്രീധരൻപിള്ളയുടെ വാദം. യുവമോർച്ചയുടെ യോഗത്തിൽ പ്രസംഗിക്കവേ, പത്തിനും 50 നുമിടയിലുള്ള സ്ത്രീകൾ മല കയറാതിരിക്കാൻ പോരാടണമെന്ന് ആഹ്വാനം ചെയ്തിട്ടുണ്ട്. ഇതു കലാപമുണ്ടാക്കാനുള്ള ആഹ്വാനമാണ്.

ക്ഷേത്രം പൂട്ടിയിട്ടാൽ കോടതിയലക്ഷ്യമാവില്ലേയെന്ന് ഫോണിൽ തന്ത്രി ചോദിച്ചപ്പോൾ കോടതിയലക്ഷ്യം ആവില്ലെന്നു മറുപടി നൽകിയെന്നും ശബരിമല ദർശനത്തിന് എത്തിയ ലളിതയേയും ബന്ധുമുദ്രൽകുമാറിനേയും ശ്രീധരൻപിള്ളയുടെ ആഹ്വാനമനുസരിച്ചാണ് ഒരു സംഘം ആക്രമിച്ചതെന്നും സർക്കാർ വാദിച്ചു.

സംഭവങ്ങളിൽ പൊലീസ് കേസെടുത്തിട്ടുണ്ടെന്നും വിശദീകരിച്ചു. കേസിന്റെ വിശദാംശങ്ങൾ നൽകാൻ നിർദേശിച്ചു ഹൈക്കോടതി ഹർജി വ്യാഴാഴ്ചത്തേക്ക് മാറ്റി.

കെ.എസ്.ആർ.ടി.സി ക്ഷാമബത്ത കുടിശിക അടുത്ത മാസം

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയിൽ ഡി.എ കുടിശ്ശിക യുടെ ഒരു ഗഡു ഡിസംബർ മാസത്തെ ശമ്പളത്തോടൊപ്പം വിതരണം ചെയ്യാൻ തീരുമാനമായി. ഡി.എക്കുമാത്രം 3.5 കോടി രൂപ വേണ്ടി വരും.

മന്ത്രി എ.കെ. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി സംഘടനാ പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനമായത്. ശമ്പള പരിഷ്കരണ ചർച്ചാഡി സംബറിൽ ആരംഭിക്കും.

ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച് സി.എം.ഡി ടോമിൻ ജെ. തച്ചങ്കരിയും ടാൻസ്പോർട്ട് സെക്രട്ടറി കെ. ആർ ജ്യോതിലാലും ചർച്ച നടത്തി തീരുമാനം കൈക്കൊള്ളും.

രാത്രി പത്തിന് അവസാനിക്കുന്ന ഷെഡ്യൂളുകളിൽ യാത്രക്കാരുടെ ആവശ്യവും മറ്റും പരിഗണിച്ച് മാറ്റം വരുത്താമെന്നാണ് ഒരു ശുപാർശ. പത്ത് മണിക്കൂറിലധികം സമയമെടുക്കുന്ന റൂട്ടുകളുടെ ചെയിൻ സർവീസുകളിലും ഇന്റർ സിറ്റി സർവീസുകളിലും ഇടയ്ക്ക് ജീവനക്കാർ മാറുന്നതിന് പകരം എട്ടു മണിക്കൂർ ജോലിക്ക് ശേഷം മതിയായ വിശ്രമം ഉറപ്പുവരുത്തി സെക്കന്റ് ഡ്യൂട്ടി അനുവദിക്കണമെന്നതാണ് മറ്റൊരു ശുപാർശ. ഉച്ചയ്ക്ക് രണ്ടിന് അവസാനിക്കുന്ന സിംഗിൾ ഡ്യൂട്ടിയിലെ ജീവനക്കാർ തുടർന്ന് ഡ്യൂട്ടി ചെയ്യേണ്ടി വന്നാൽ ഒരു ഡ്യൂട്ടിയുടെ വേതനോ കോമ്പൻസേറ്ററി ഓഫോ നൽകണമെന്നാണ് ശുപാർശ.

കളക്ടർമാരുടെ സ്ഥലം മാറ്റം ഇനി തിരഞ്ഞെടുപ്പ് കഴിഞ്ഞ്

തിരുവനന്തപുരം: പട്ടയ വിതരണം പുരോഗമിക്കുന്നതും ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തതും കണക്കിലെടുത്ത് കളക്ടർമാരുടെ സ്ഥലംമാറ്റം ഇനി ഉടനെ ഉണ്ടാകില്ലെന്ന് സൂചന. റവന്യൂവകുപ്പും മുഖ്യമന്ത്രിയോട് ഇക്കാര്യം അഭ്യർത്ഥിച്ചതായി അറിയുന്നു.

50,000 പട്ടയം വിതരണം ചെയ്യുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇത് ഭംഗമില്ലാതെ പൂർത്തിയാക്കാൻ ഇപ്പോഴത്തെ കളക്ടർമാർ തുടരേണ്ടതുണ്ട്. ലോക്സഭാതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികാ പരിശോധനാനടപടികളിലേക്കും കടന്നുകഴിഞ്ഞിട്ടുണ്ട്. കളക്ടർമാരെ ഇപ്പോൾ മാറ്റിയാൽ ഈ പ്രക്രിയക്കും ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നാണ് വിലയിരുത്തൽ.

വിളംബരം

ഇന്റർവ്യൂ മാറ്റിവച്ചു

തിരുവനന്തപുരം: ഇടുക്കി നിർഭയ ഷെൽട്ടർ ഹോമുകളിൽ ഒഴിവുവന്ന വിവിധ തസ്തികയിലേക്ക് 15ന് തൊടുപുഴ മിനി സിവിൽ സ്റ്റേഷനിൽ നടത്താൻ തീരുമാനിച്ചിരുന്ന വാക്ക്ഇൻഇന്റർവ്യൂ നവംബർ 23 രാവിലെ 11 ലേക്ക് മാറ്റിവച്ചതായി സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

അമൃത സിവിൽ സർവീസ് അക്കാഡമിയിൽ സ്കോളർഷിപ്പ്

കൊല്ലം: അമൃത സിവിൽ സർവീസ് അക്കാഡമിയിൽ ഈമാസം ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഫീസിളവിന് സ്കോളർഷിപ് ഏർപ്പെടുത്തി. 2019 ൽ നടക്കാനിരിക്കുന്ന യു.പി.എസ്.സി സിവിൽ സർവീസ് പരീക്ഷയ്ക്കുതയ്യാറെടുക്കുന്നവർക്ക്സ്കോളർഷിപിന് അപേക്ഷിക്കാം. കൂടുതൽ വിവരം 8589060000 എന്ന ഫോൺ നമ്പരിൽ ലഭിക്കും. രജിസ്ട്രേഷന് www.amritaias.com.

ഐ.എ.എസ് പരീക്ഷാ പരിശീലന രംഗത്ത് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ അമൃത സിവിൽ സർവീസ് അക്കാഡമിക്ക് കഴിഞ്ഞട്ടുണ്ട്. ഇവിടെ വിദഗ്ദ്ധ പരിശീലനം നേടിയ 42 പേർ സിവിൽ സർവീസ് റാങ്ക് ലിസ്റ്റിൽ ഇടംനേടി. പ്രിലിമിനറി, മെയിൻസ്, അഭിമുഖ പരിശീലനം എന്നിവയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പരിശീലനമാണ് അമൃത നൽകുന്നത്.

തിരുവനന്തപുരം ആസ്ഥാനമായുള്ള അമൃത സിവിൽ സർവീസ് അക്കാഡമിയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ, ഭക്ഷണ, യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

■ **പരീക്ഷാഫലം**
വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തിയ ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

■ **പ്രാക്ടിക്കൽ & വൈവാവോസി**
രണ്ടാം സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി (പി.ജി.ഡി.ജിസ്റ്റ്) പ്രാക്ടിക്കൽ & വൈവാവോസി ടൈംടേബിൾ വെബ് സൈറ്റിൽ.

■ **ടൈംടേബിൾ**
ബാച്ചിലർ ഒഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) ഏഴാം സെമസ്റ്റർ (റഗുലർ ആൻഡ് സപ്ലിമെന്ററി) ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ (സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

■ **പരീക്ഷാകേന്ദ്രം**
വിദൂര വിദ്യാഭ്യാസ വിഭാഗം 2018 നവംബർ - ഡിസംബറിൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എസോഷ്യോളജി പരീക്ഷകൾക്ക് ആൺകുട്ടികൾക്ക് എസ്.ഡി.ഇ പാളയവും, പെൺകുട്ടികൾക്ക് ഗവ.സംസ്കൃത കോളേജ് തിരുവനന്തപുരവും ആയിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. അഡിഷണൽ കാൻഡിഡേറ്റ്സിന് ഗവ.ആർട്സ്കോളേജ് തിരുവനന്തപുരം ആയിരിക്കും പരീക്ഷാകേന്ദ്രം.

■ **ക്ലാസ്**
2018 - 2019 അദ്ധ്യയന വർഷത്തിലെ വിദൂര വിദ്യാഭ്യാസ വിഭാഗം ഒന്നാം സെമസ്റ്റർ ബി.കോം കോൺ ടാക്ട് ക്ലാസുകൾ 17 മുതൽ ശനി, ഞായർ ദിവസങ്ങളിലായിരാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെ കാര്യവട്ടം ക്യാമ്പസ്, കൊല്ലം ബി.എഡ് സെന്റർ, ആലപ്പുഴ യു.ഐ.ടി കേന്ദ്രങ്ങളിൽ നടക്കും.

■ **നെടുമങ്ങാട് ഗവ. കോളേജ് - പി.ജി അഡ്മിഷൻ**
നെടുമങ്ങാട് ഗവ.കോളേജിൽ പുതുതായി അനുവദിച്ച എം.എ. ഇക്കണോമിക്സ്, എം.എ. മലയാളം കോഴ്സുകളിലേക്ക് കോളേജിൽ അപേക്ഷസമർപ്പിച്ച് റാങ്ക് പട്ടികയിൽ ഉൾപ്പെട്ട പ്രവേശനം ആഗ്രഹിക്കുന്ന വിദ്യർത്ഥികൾ ഇന്ന് രാവിലെ 10 ന് കോളേജിൽ ഹാജരാകണം.

■ **ബിരുദാനന്തര ബിരുദം - സ്പോട്ട് അലോട്ട്മെന്റ്**
2018-19-ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള സീറ്റുകളിലേക്ക് സർവകലാശാല സെനറ്റ് ഹാളിൽ 16 ന് സ്പോട്ട് അലോട്ട്മെന്റ് നടത്തും. ഒഴിവുള്ള സീറ്റുകളുടെ വിശദവിവരം 15 ന് വൈകിട്ട് വെബ്സൈറ്റിൽപ്രസിദ്ധീകരിക്കും. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യണം.

എം.ജി
www.mgu.ac.in

■ **പ്രാക്ടിക്കൽ**
അഞ്ചാം സെമസ്റ്റർ ബി.എഫ്.ടി. ആൻഡ് ബി.എസ്സി. അപ്പാരൽ ആൻഡ് ഫാഷൻ ഡിസൈൻ (സി.ബി.സി.എസ്.എസ്. 2016 അഡ്മിഷൻ റഗുലർ/201315 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ 14 മുതൽ വിവിധ കോളേജു